## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 315 | 25.04.2017 ൽ മറുപടിയ്ക്ക് |
| **ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ജോൺ ഫെർണാണ്ടസ്<br>" കെ.ഡി. പ്രസേനൻ<br>" പുരുഷൻ കടലുണ്ടി<br>" പി.കെ. ശശി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) 2010-11 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ഒരു പൈലറ്റ് പ്രോജക്ടായി 52 ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന. ടി പദ്ധതി സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. |
| (ബി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവ കാലയളവിൽ ഉണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ഒരു പരിധി വരെ പരിഹരിക്കുന്നതിനും ഗർഭ-പ്രസവ കാലയളവിൽ സ്ത്രീയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷണ പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണ് പ്രസ്തുത പദ്ധതി. |
| (സി) ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്; | (സി) 19 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ രണ്ട് സജീവ ജനനത്തിന് 6,000/- രൂപ ആനുകൂല്യമായി നൽകുന്നു. 3000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് ആനുകൂല്യം നൽകുന്നത്. സ്ത്രീകളുടെയും അവർ പ്രസവിക്കുന്ന കുഞ്ഞിന്റെയും ആരോഗ്യ - പോഷണ പരിചരണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾ (Anti natal checkup, Immunization, Consumption of IFA tablet, participation of village health nutrition |

| | |
|---|---|
| | programme, counselling sessions in infant young child practice) പാലിക്കപ്പെടുന്നതുവഴി ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പദ്ധതിയിൽ ഗുണഭോക്താവിന് ആനുകൂല്യം നൽകുന്ന മുറയ്ക്ക് അങ്കണവാടി വർക്കർമാർക്ക് 200/- രൂപയും ഹെൽപ്പർമാർക്ക് 100/- രൂപയും ക്യാഷ് ഇൻസെന്റീവ് നൽകുക വഴി അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ